**കേരള കാർഷിക സർവ്വകലാശാല**
**കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ**

**ക്വട്ടേഷൻ നോട്ടീസ്**

**സി.ആർ.എം(എസ്റ്റ) / 2059/2021** **തിയ്യതി – 05/01/2022**

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രം, എ ഐ സി ആർപി/റിവോൾവിംങ്ങ് ഫണ്ട് /മറ്റു ബാഹ്യ ധന സഹായ പദ്ധതികൾ എന്നിവയിലേക്കായി വിവിധ ജോലികൾക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ ലഭ്യമാക്കുവാൻ മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കാർഷിക സർവ്വകലാശാലയിൽ പ്രവർത്തി പരിചയമുള്ളവരേയോ, കാർഷിക സർവ്വകലാശാലയിൽ പരിശീലനം പൂർത്തിയാക്കിയവരേയോ ലഭ്യ മാക്കുന്നതിനുള്ള ക്വട്ടേഷൻ ആണ് സമർപ്പിക്കേണ്ടത്. പ്രതിദിനം ഒരാൾക്ക് നൽകേണ്ട തുക രേഖപ്പെടുത്തി ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.

**ജോലികൾ**

1. വിവിധ ഗവേഷണ പദ്ധതിയിലേക്ക് കണക്ക് എടുക്കുന്നതിൽ സഹായിക്കൽ (കശുമാങ്ങ, കശുവണ്ടി വിളവെടുപ്പും, ഉണക്കി സൂക്ഷിക്കൽ, കണക്കെടുക്കലും ഉൾപ്പെടുന്നു)
2. പോളിനേഷൻ (പോളിനേഷനുമായി ബന്ധപ്പെട്ട ജോലികൾ)
3. പുല്ല് വെട്ടൽ
4. പ്രൂണിംങ്ങ്
5. കൊമ്പ് കോതൽ
6. തടിതുരപ്പൻ പുഴുവിനെ മരത്തിൽ നിന്നും എടുത്തുമാറ്റൽ
7. ഇടവിള കൃഷി ഉൽപ്പാദനവും വിളവെടുപ്പ്
8. ജേംപ്ലാസം ഒട്ടുതൈ ഉൽപ്പാദിപ്പിക്കൽ
9. കമ്പ് ശേഖരിക്കൽ
10. സയോൺ ശേഖരിക്കൽ
11. റൂട്ട് സ്റ്റോക്ക് തയ്യാറാക്കൽ
12. നഴ്സറി പരിപാലനം
13. പോട്ടിംങ്ങ് മിശ്രിതം തയ്യാറാക്കൽ
14. കശുവണ്ടി മുളപ്പിക്കൽ
15. വിത്തണ്ടി ശേഖരിക്കൽ
16. മറ്റ് ഫാം തൊഴിലുകൾ
17. ശാസ്ത്രജ്ഞൻമാർ ആവശ്യപ്പെടുന്ന മറ്റു പണികൾ

**വ്യവസ്ഥകൾ**

1. കരാർ കാലയളവിൽ ഏറ്റെടുക്കേണ്ട ജോലിയുടെ വിശദാംശങ്ങൾ ശാസ്ത്രജ്ഞരിൽ നിന്നും ശേഖരിയ്ക്കേണ്ടതാണ്.
2. പ്രതിദിനം ആവശ്യമുള്ള സ്ത്രീ-പുരുഷ തൊഴിലാളികളുടെ എണ്ണം കരാറുകാരൻ ശാസ്ത്രജ്ഞരിൽ നിന്നും എല്ലാ ദിവസവും ശേഖരിക്കേണ്ടതാണ്.
3. ശാസ്ത്രജ്ഞർ ആവശ്യപ്പെടുന്ന എണ്ണം സ്ത്രീ-പുരുഷ തൊഴിലാളികളെ അതാതു ദിവസം തന്നെ കൃത്യമായും നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.
4. ആവശ്യപ്പെടുന്ന ജോലികൾ സമയപരിധിക്കുള്ളിൽ ഗുണനിലവാരം ഉറപ്പുവരുത്തി നിർബന്ധമായും തീർത്തു തരേണ്ടതാണ്.
5. തൊഴിലാളികൾ ദിവസം 8 മണിക്കൂർ ജോലി ചെയ്യേണ്ടതാണ്
6. ശാസ്ത്രജ്ഞൻമാർ ഏൽപ്പിക്കുന്ന എല്ലാ ജോലികളും ചെയ്യുവാൻ തൊഴിലാളികൾ ബാധ്യസ്ഥരായിരിക്കും.

7. കരാർ ജോലി പ്രവൃത്തി ദിവസങ്ങളിലും പ്രവൃത്തി സമയത്തും ചെയ്യേണ്ടതാണ്.

8. ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് അടക്കേണ്ട ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കാവുന്നതാണ്. ഇതിനു പുറമെ മറ്റേതെങ്കിലും നികുതികൾ അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് കരാറുകാരൻ തന്നെ അടയ്ക്കേണ്ടതാണ്

9. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

10. ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച്ച വരുത്തിയാൽ ജോലിയ്ക്കുള്ള പ്രതിഫലം തടഞ്ഞുവെക്കുവാനും ക്വട്ടേഷൻ റദ്ദാക്കുവാനും സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ട പരിഹാരം ഈടാക്കുവാനും ഗവേഷണ കേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.

11. തൊഴിലാളികൾ കാർഷികസർവ്വകലാശാലയിലെ നിയമങ്ങൾക്ക് വിധേയമായി പ്രവൃത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

12. കാർഷിക സർവ്വകലാശാലയുടെ അന്തസിന് നിരക്കാത്ത പ്രവൃത്തികൾ കരാർ തൊഴിലാളികളിൽ നിന്ന് ഉണ്ടായാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.

13. ഈ ക്വട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നതിന്റെ പേരിൽ കാർഷിക സർവ്വകലാശാലയിലെ യാതൊരുവിധ നിയമനത്തിനും പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതല്ല.

14. ഇ.എസ്.ഐ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും, തൊഴിൽ നിയമങ്ങളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങൾക്കനുസരിച്ചും, കേരള കാർഷിക സർവ്വകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

മുദ്ര വെച്ച ക്വട്ടേഷനുകൾ 12/01/2022 ഉച്ചതിരിഞ്ഞ് 3 മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ -680651 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി **2000/-** രൂപ ഓഫീസിൽ അടക്കേണ്ടതാണ്. ക്വട്ടേഷനുകൾ 12/01/2022 ന് ഉച്ചതിരിഞ്ഞ് 3.30 ന് തത്സമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. സന്നിഹിതരാവുന്നവർ സർക്കാർ നിർദ്ദേശപ്രകാരമുള്ള കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .മുകളിൽ പറഞ്ഞിരിക്കുന്ന ഓരോ ഇനം ജോലികൾക്കു ക്വട്ടേഷൻ ലഭിക്കുന്നവർ **5000/-** രൂപ സെക്യൂരിറ്റി നിക്ഷേപമായി 17/01/2022 തിയ്യതി രാവിലെ **11** മണിക്കകം അടയ്ക്കേണ്ടതാണ്. അനുവദിച്ചിട്ടുള്ള ജോലി ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യാൻ തയ്യാറാണെന്നുള്ള ഒരു സമ്മതപത്രം **200/-** രൂപയുടെ മുദ്രപത്രത്തിൽ 17/01/2022 **രാവിലെ 11** മണിക്കകം എഴുതി നൽകേണ്ടതാണ് .സെക്യൂരിറ്റി തുക അടയ്ക്കുകയും സമ്മതപത്രം സമർപ്പിക്കുകയും ചെയ്താൽ മാത്രമേ കരാർ ജോലി ഏറ്റെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ഗവേഷണകേന്ദ്രം മേധാവി

Assistant Professor & Head I/c
Cashew Research Station
Kerala Agricultural University
Madakkathara P. O., Thrissur-680 651

1. നോട്ടീസ് ബോർഡ്
2. കെ.എ.യു വെബ്സൈറ്റ്
3. ഹോർട്ടിക്കൾച്ചർ കോളേജ്,വെള്ളാനിക്കര
4. കാർഷിക ഗവേഷണ കേന്ദ്രം,മണ്ണുത്തി
5. സെൻട്രൽ നഴ്സറി, വെള്ളാനിക്കര
6. ഗ്രാമ പഞ്ചായത്ത് ഓഫീസ്,മാടക്കത്തറ
7. കൃഷി ഭവൻ,ഒല്ലൂക്കര
8. വില്ലേജ് ഓഫീസ്,വെള്ളാനിക്കര & മാടക്കത്തറ
9. ഫാം ഓഫീസ്

CASHEW RESEARCH STATION